"ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ നടപടി"

131 (3060) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കഴിഞ്ഞ ടൂറിസ്റ്റ് സീസണിൽ എത്ര വിദേശ ടൂറിസ്റ്റുകൾ വന്നു എന്ന് വ്യക്തമാക്കുമോ;

(ബി) മുൻവർഷങ്ങളെ അപേക്ഷിച്ച് വിദേശ ടൂറിസ്റ്റുകളുടെ വരവ് കുറയുവാനുണ്ടായ കാരണം എന്താണ്;

(സി) കോവളം പോലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ വിദേശ ടൂറിസ്റ്റുകൾ ഒഴിവാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണമെന്തെന്ന് പഠിച്ചിട്ടുണ്ടോ;

(ഡി) ടൂറിസം കേന്ദ്രങ്ങളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ എന്തെങ്കിലും പദ്ധതി സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 1998-ൽ 1,80,995 വിദേശ വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചതായി താൽക്കാലികമായി കണക്കാക്കുന്നു. 1999 ലെ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(ബി) ദക്ഷിണേഷ്യാമേഖലയിലുണ്ടായ സാമ്പത്തിക മാന്ദ്യമാണ് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം കുറയുവാൻ കാരണമായതെന്ന് കരുതുന്നു. വേൾഡ് ടൂറിസം ഓർഗനൈസേഷന്റെ "ടൂറിസം മാർക്കറ്റ് ട്രെൻഡ്സ്-സൗത്ത് ഏഷ്യാ-1998-1997" എന്ന പ്രസിദ്ധീകരണത്തിൽ ഈ പ്രശ്നം പ്രതിപാദിച്ചിട്ടുണ്ട്. ഈ വർഷവും കൂടി ഈ മാന്ദ്യം ടൂറിസം മേഖലയെ ബാധിക്കുമെന്നാണ് മേൽ റിപ്പോർട്ടിൽ വിലയിരുത്തിയിട്ടുള്ളത്.

(സി) വിദേശ ടൂറിസ്റ്റുകൾ കോവളം ഒഴിവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

ബേക്കൽ ടൂറിസം വികസനപദ്ധതി

132 (3061) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ ടൂറിസം വികസനത്തിന് രൂപംകൊണ്ട ബി.ആർ.ഡി.സി.യിൽ എത്ര ഉദ്യോഗസ്ഥരുണ്ട്; ഈ പദ്ധതിക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതാരാണ്; ഇതിന് എത്ര ലക്ഷം രൂപ ചെലവായി;

(ബി) പ്രസ്തുത റിപ്പോർട്ട് അനുസരിച്ചാണോ ഇപ്പോൾ പദ്ധതി നടക്കുന്നത്. അല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് സ്വീകരിക്കാതിരിക്കാനുള്ള കാരണമെന്താണ്; ഇതിനുവേണ്ടി ചെലവഴിച്ച തുക എങ്ങനെയാണ് വസൂൽ ചെയ്യുക എന്നീ വിവരങ്ങൾ വിശദമാക്കുമോ;

+ അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly

(സി) ബേക്കൽ ടൂറിസം പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ നടത്തുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ബി.ആർ.ഡി.സി.യിൽ ഇപ്പോൾ 24 ജീവനക്കാരുണ്ട്. ഈ പദ്ധതിയുടെ ബാഹ്യരൂപരേഖ കോഴിക്കോട്ടുള്ള എൽ.എം. സലിം ആന്റ് അസോസിയേറ്റ്സ് എന്ന സ്ഥാപനം ആണ് തയ്യാറാക്കിയത്. ഇതിന് 55 ലക്ഷം രൂപ പ്രതിഫലമായി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ബാഹ്യരൂപരേഖ തയ്യാറാക്കിയപ്പോൾ കണക്കിലെടുക്കാതിരുന്നതും പിന്നീട് ഉയർന്നുവന്നതുമായ പ്രാദേശിക ആവശ്യങ്ങളും പരിമിതികളും പരിഗണിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തിയാണ് ഇപ്പോൾ പദ്ധതി നടപ്പിലാക്കുന്നത്. തീരദേശ സംരക്ഷണനിയമം പാലിക്കുന്നതിനും കുടിയൊഴിപ്പിക്കൽ പരമാവധി കുറയ്ക്കുന്നതിനുംവേണ്ടി ബാഹ്യരൂപരേഖയിൽ ആവശ്യം വേണ്ടുന്ന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. റിപ്പോർട്ടു തയ്യാറാക്കിയതിനുശേഷമുണ്ടായ മേൽപ്പറഞ്ഞ അനിവാര്യ സാഹചര്യങ്ങളിൽ നേരത്തെ തയ്യാറാക്കിയ പ്ലാൻ ഉപയോഗപ്പെടുത്താനാകാതെവന്നു. ഇതിനുണ്ടായ ചെലവ് വസൂലാക്കാൻ തീരുമാനിച്ചിട്ടില്ല.

(സി) ബേക്കൽ ടൂറിസം പദ്ധതി ഇതുവരെ ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

പദ്ധതിക്കുവേണ്ടി ഇതുവരെ 173.26 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ആദ്യ സൈറ്റായ റിസോർട്ട്സൈറ്റ് നമ്പർ-2 കെ.ടി.ഡി.സിയുടെ സബ്സിഡിയറിയായ ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡിന് കൈമാറുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. റിസോർട്ട്സൈറ്റ്-1, റിസോർട്ട്സൈറ്റ്-5 എന്നീ രണ്ടു സൈറ്റുകൾകൂടി തയ്യാറായിട്ടുണ്ട്. മറ്റു സൈറ്റുകളുടെ സ്ഥലം ഏറ്റെടുക്കൽ വിവിധ ഘട്ടങ്ങളിലാണ്.

ബേക്കൽ കോട്ടയ്ക്കുസമീപം ഒരു ഫെസിലിറ്റി സെന്ററും ഒരു അക്വാപാർക്കും പ്രവർത്തിച്ചുവരുന്നു. ബേക്കൽ പദ്ധതിപ്രദേശത്ത് ശുദ്ധജലവിതരണം, തെരഞ്ഞെടുത്ത പഞ്ചായത്തുറോഡുകളുടെ വികസനം, പള്ളിക്കരയിൽ ബീച്ച് വികസനം, ബേക്കൽ കോട്ടയ്ക്കുസമീപം കടലോരപാത എന്നീ പദ്ധതികളും വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

തീരദേശ സംരക്ഷണ നിയമങ്ങൾ പാലിക്കുന്നതിനും കുടിയൊഴിപ്പിക്കൽ കഴിവതും ഒഴിവാക്കുന്നതിനും പിന്നീട് അനുയോജ്യമെന്നുകണ്ട മാറ്റങ്ങൾ ഉൾക്കൊള്ളിച്ച്, സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, നാഷണൽ സ്കൂൾ ഓഫ് പ്ലാനിംഗ് ആന്റ് ആർക്കിടെക്ച്ചർ, ഡൽഹി എന്നീ സ്ഥാപനങ്ങളുമായി ആലോചിച്ച് ബാഹ്യരൂപരേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പദ്ധതി നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly